(സി) ഇല്ലെങ്കിൽ എപ്പോൾ ഏറ്റെടുക്കും എന്നു വ്യക്തമാക്കാമോ;

(ഡി) മേൽ റോഡിലെ കി.മീ. 3-ൽ ചളിയങ്കോട് ഭാഗത്ത് മണ്ണിടിയുന്നത് തടയാൻ കെ.എസ്.ടി.പി. എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ;

(ഇ) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രീക്വാളിഫിക്കേഷൻ പൂർത്തിയാക്കി ടെണ്ടർ നടപടി ആരംഭിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) പണി ആരംഭിക്കുന്ന മുറയ്ക്ക് ഏറ്റെടുക്കും.

(ഡി ആന്റ് ഇ) ആവശ്യമായ പഠനം നടത്തി ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്.

മധുര-കോട്ടയം-ചേർത്തല ഈസ്റ്റ് വെസ്റ്റ് കോറിഡോർ റോഡിന്റെ ലാന്റ് അക്വിസിഷൻ നടപടി

88 [704] ശ്രീ. വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മധുര-കോട്ടയം-ചേർത്തല ഈസ്റ്റ് വെസ്റ്റ് കോറിഡോർ റോഡിന്റെ അലൈൻമെന്റ് പൂർത്തിയായ സാഹചര്യത്തിൽ ഭൂമി അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ;

(ബി) ടൂറിസം ഹൈവേയായി പ്രഖ്യാപിച്ചിട്ടുള്ള പ്രസ്തുത റോഡിന്റെ നിർമ്മാണത്തിനുള്ള സാമ്പത്തിക സഹായം ഏതെങ്കിലും വിദേശ ഏജൻസികളിൽ നിന്നാണോ സ്വീകരിക്കുന്നത്;

(സി) എങ്കിൽ ഏതെല്ലാം മാർഗ്ഗങ്ങളിലൂടെ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—സി) മധുര-കോട്ടയം-ചേർത്തല റോഡിൽ കോട്ടയം മുതൽ സംസ്ഥാനാതിർത്തി വരെയുള്ള ഭാഗം ദേശീയപാതയായി മാറിയിട്ടുണ്ട്. ചേർത്തല മുതൽ കോട്ടയം വരെയുള്ള സംസ്ഥാന ഹൈവേയുടെ കോടിമത മുതൽ കവനാർ (14.5 കി.മീ.) വരെയുള്ള ഭാഗത്തെ സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് ഇപ്പോൾ കേരളാ റോഡ് ഫണ്ട് ബോർഡിന് കൈമാറിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly